7655
3/4/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സാങ്കേതികവിഭാഗം - കായംകുളം നഗരസഭയിലെ അനധികൃത നിർമ്മാണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീമതി.എസ്.ജലീലക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി - പുനഃ പരിശോധനാഹർജി - നിരസിച്ച് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

സ.ഉ. (സാധാ) നം.733/2017/തസ്വഭവ. തീയതി, തിരുവനന്തപുരം 17.03.2017.

---

പരാമർശം 1. സർക്കാർ ഉത്തരവ് (സാധാ) നം.2231/16/ തസ്വഭവ തീയതി 23.07.2016

2. 18.08.2016 ൽ ശ്രീമതി. എസ്.ജലീല, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച പുനഃപരിശോധന ഹർജി.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 29.08.2016-ലെ ഇ 4-16643/2006/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്ത്.

**ഉത്തരവ്**

കായംകുളം നഗരസഭയിലെ പത്താം വാർഡിലെ അനധികൃത കെട്ടിട - നിർമ്മാണത്തിനെതിരെ ലഭിച്ച പരാതിക്കെതിരെ വസ്തുതാവിരുദ്ധമായ റിപ്പോർട്ട് സർക്കാരിന് നൽകിയതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി എസ്.ജലീലക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷകാലയളവിലേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞുകൊണ്ട് പരാമർശം ഒന്ന് പ്രകാരം തീർപ്പുകൽപ്പിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടത്തിലെ ചട്ടം 35-ൽ അനുശാസിക്കും വിധം പരാമർശം 2 പ്രകാരം ശ്രീമതി. എസ്.ജലീല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പുനഃപരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി.

പരാമർശം ഒന്ന് പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീമതി. എസ്.ജലീല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച പുനഃപരിശോധനാഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി എസ്.ജലീല പുനഃപരിശോധനാ ഹർജിയിലൂടെ ഉന്നയിച്ചിരിക്കുന്ന വാദമുഖങ്ങൾ എല്ലാം തന്നെ സൂചന 1ലെ ഉത്തരവ് പുറപ്പെടുവിക്കുന്ന ഘട്ടത്തിൽ കുറ്റാരോപണമെമ്മോയിനും കുറ്റാരോപണപത്രികയിലും നേരിൽ കേട്ടപ്പോൾ സമർപ്പിച്ചത് തന്നെയാണ്. ആയതിൽ നിന്നും പുതുതായി എന്തെങ്കിലും വാദമുഖങ്ങളോ തെളിവുകളോ രേഖകളോ ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പരാമർശം ഒന്ന് പ്രകാരം അച്ചടക്കനടപടിയുടെ ഭാഗമായി നിർണയിച്ച ശിക്ഷയിൽനിന്നും ഒഴിവാക്കണമെന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. എസ്.ജലീലയുടെ പുനഃപരിശോധനാഹർജി പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**

അഡീഷണൽ സെക്രട്ടറി

1. ശ്രീമതി. എസ്.ജലീല , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖാന്തിരം)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ